## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4945** **14-03-2023 - ൽ മറുപടിയ്ക്ക്**

## കോമങ്കേരിച്ചിറ - അംബേദ്ക്കർ കോളനി - എ.സി. റോഡ് നവീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കോമങ്കേരിച്ചിറ - അംബേദ്കർ കോളനി - എ.സി. റോഡ് പൂർണ്ണമായും തകർന്ന് ഗതാഗതയോഗ്യമല്ലാതായി തീർന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | 06.06.2018-ൽ ഭരണാനുമതി ലഭിച്ച ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കോമങ്കേരിച്ചിറ - അംബേദ്കർ കോളനി - എ.സി. റോഡിന്റെ Ch:1/000 to 3/800 വരെയുള്ള നവീകരണ പ്രവൃത്തിക്ക് കരാർ ഏറ്റെടുത്ത കരാറുകാരനെ പ്രവൃത്തി ചെയ്യാത്തതു കാരണം നഷ്ടോത്തരവാദിത്തത്തിൽ ഒഴിവാക്കിയിരുന്നു. ബാലൻസ് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൊതുമരാമത്ത് വകുപ്പ് ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പുരോഗമിക്കുന്നു |
| (ബി) | പ്രസ്തുത റോഡ് നവീകരിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പരിശോധിച്ച് ഭരണാനുമതി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | 06.06.2018-ൽ ഭരണാനുമതി ലഭിച്ച ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കോമങ്കേരിച്ചിറ - അംബേദ്കർ കോളനി - എ.സി. റോഡിന്റെ Ch:1/000 to 3/800 വരെയുള്ള നവീകരണ പ്രവൃത്തിക്ക് കരാർ ഏറ്റെടുത്ത കരാറുകാരനെ പ്രവൃത്തി ചെയ്യാത്തതു കാരണം നഷ്ടോത്തരവാദിത്തത്തിൽ ഒഴിവാക്കിയിരുന്നു. ബാലൻസ് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൊതുമരാമത്ത് വകുപ്പ് ദക്ഷിണമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പുരോഗമിക്കുന്നു |
| (സി) | പ്രസ്തുത റോഡിന് സ.ഉ.(എം.എസ്) നം.20/2018/ പി.ഡബ്ല്യൂ.ഡി. തീയതി 06.06.2018 പ്രകാരം അനുവദിച്ച തുക ഉപയോഗിച്ച് റോഡിന്റെ ch 2/500 മുതൽ 3/800 വരെ ഭാഗം അടിയന്തരമായി നവീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത റോഡിന് അനുവദിച്ച തുക ഉപയോഗിച്ച ഗതാഗത യോഗ്യമല്ലാതെ കിടന്നിരുന്ന Ch:1/000 to 2/500 വരെയുള്ള ഭാഗമാണ് Budget Work 2018-19- Improvements to Komenkerichira – Ambedker Colony Road Ch 1/000 to 3/800എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നവീകരിക്കാൻ ക്രമീകരിച്ചിരുന്നത്. എന്നാൽ മേൽ പ്രവൃത്തിയിൽ കാലതാമസം നേരിട്ടതുമൂലം കരാറുകാരനെ നഷ്ടോത്തര വാദിത്തത്തിൽ ഒഴിവാക്കിയിട്ടുള്ളതും ടി റോഡിന്റെ നവീകരണ പ്രവൃത്തിക്കായി ബാലൻസ് ഷെഡ്യൂൾ ടെണ്ടർ ചെയ്ത് തുടർനടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ടി |

| | | | |
|---|---|---|---|
| | | | പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട് വരാത്തതും എന്നാൽ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ പേരിൽ ഉൾപ്പെട്ടതുമായ 2/500 മുതൽ 3/800 വരെയുള്ള റോഡ് ഭാഗം സഞ്ചാര യോഗ്യമാക്കുന്നതിനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് മറ്റൊരു Appendix ആയി നിലവിൽ ഉള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ തന്നെ ഉൾപ്പെടുത്തി സമർപ്പിക്കുന്നതിന് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സി.എം.റ്റി മീറ്റിംഗിൽ നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് DSOR 2016 പ്രകാരം ജി.എസ്.റ്റി ഉൾപ്പെടാതെ ഏകദേശം 3151643/-രൂപയുടെ എസ്റ്റിമേറ്റ് മറ്റൊരു Appendix ആയി ബാലൻസ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നു. നഷ്ടോത്തരവാദിത്ത ത്തിൽ പ്രവൃത്തി പുന:ക്രമീകരിക്കേണ്ടതിനാൽ നിയമ പകാരം ബാലൻസ് പ്രവൃത്തിയിൽ പ്രത്യേക അപ്പെൻഡിക്സ് ആയി 2/500 മുതൽ 3/900 വരെ ഉൾപ്പെടുത്താവുന്നതല്ല. ആയതിനാൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് ടെണ്ടർ നടത്തിയ തിൽ പ്രസ്തുത Appendix ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ ക്രമീകരിക്കുന്ന ബാലൻസ് ഷെഡ്യൂൾ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം 2/500 മുതൽ 3/800 വരെയുള്ള ഭാഗം നവീകരിക്കുന്നതിന് പ്രത്യേകമായി ഭരണാനുമതി നൽകുന്നതി നുള്ള നടപടികൾ സ്വീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു |

സെക്ഷൻ ഓഫീസർ